<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1093</u> <u>30-06-2022 - ൽ മറുപടിയ്ക്ക്</u>

<u>തുറയൂർ-പൊടിയാടി-കീഴരിയൂർ റോഡ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിലെ തുറയൂർ-കീഴരിയൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന തുറയൂർ-പൊടിയാടി-കീഴരിയൂർ റോഡിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും ഫണ്ട് അനുവദിച്ചിരുന്നോ; എങ്കിൽ എത്ര രൂപയാണ് അനുവദിച്ചത്; | (എ) | കോഴിക്കോട് ജില്ലയിലെ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി പേരാമ്പ്ര നിയോജക മണ്ഡലത്തിലെ തുറയൂർ - പൊടിയാടി - കീഴരിയൂർ റോഡ് പ്രവൃത്തിക്കായി 161.80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടോ; ടെൻഡർ ചെയ്തിട്ടുണ്ടെങ്കിൽ ആരാണ് പ്രവൃത്തി ഏറ്റെടുത്തത്; പ്രവൃത്തിയുടെ കാലാവധി, നിർമ്മാണ പുരോഗതി, ചുമതലയുള്ള ഉദ്യോഗസ്ഥരുടെ വിവരങ്ങൾ എന്നിവ വ്യക്തമാക്കാമോ; | (ബി) | പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. ശ്രീ.ജാബിർ.യു.അൽഹാൻസ് കോമ്പൗണ്ട് (ഹൗസ്) , നെല്ലിനങ്ങാടി, ഫറോക്ക്, കോഴിക്കോട് എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. HED/NC/07/2021-2022 തീയതി 27/12/2021 നമ്പർ ഉടമ്പടി പ്രകാരം ഉടമ്പടിയിൽ ഏർപ്പെട്ട പ്രവർത്തിയുടെ കാലാവധി 8 മാസമാണ്.<br><br><u>നിർമ്മാണ പുരോഗതി</u><br><br>04/01/2022 ന് കരാറുകാരന് സൈറ്റ് കൈമാറിയിരുന്നു. തുറയൂർ - പൊടിയാടി-കീഴരിയൂർ റോഡിൽ ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടത്തുന്ന ഡ്രെയിൻ, റോഡ പ്രവൃത്തികളുടെ ചെയിനേജുകൾ ഒഴികെയാണ് റോഡ് നിർമ്മാണത്തിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് വിട്ടു നൽകിയത്. ആയതനുസരിച്ചാണ് സാങ്കേതിക അനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തത്. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തിക്കൊണ്ടിരുന്ന ഡ്രെയിൻ പൂർത്തീകരിക്കുകയും 01/570 മുതൽ 01/630 വരെയുള്ള റോഡ് നിർമ്മിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത ചെയിനേജ് |

| | | | |
|---|---|---|---|
| | | | ഒഴികെയുള്ള ചെയിനേജുകളിലെ സ്ഥല ലഭ്യതാ സർട്ടിഫിക്കറ്റ് മാത്രമാണ് ആദ്യം ലഭിച്ചിരുന്നത്. മേൽ പ്രതിപാദിച്ച ചെയിനേജിന്റെ സ്ഥല ലഭ്യതാ സർട്ടിഫിക്കറ്റും ടി ചെയിനേജിലെ പ്രവൃത്തി ജില്ലാ പഞ്ചായത്ത് ഒഴിവാക്കിയതിന്റെ ഭരണസമിതി തീരുമാനവും ലഭിച്ചെങ്കിൽ മാത്രമേ പ്രസ്തുത ചെയിനേജിലെ പ്രവൃത്തി ഉൾപ്പെടെ ചെയ്യുവാൻ സാധിക്കുകയുള്ളുവെന്നും ആയതിനാൽ എത്രയും പെട്ടെന്ന് ഭരണസമിതി തീരുമാനം ലഭ്യമാക്കണമെന്നും പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു . ടി ഭരണസമിതി തീരുമാനം 2022 എപ്രിൽ മാസത്തിലാണ് ലഭ്യമായത്. സ്ഥല ലഭ്യതാ സർട്ടിഫിക്കറ്റുൾപ്പെടെയുള്ള ഭരണസമിതി തീരുമാനം ലഭിച്ച മുറയ്ക്ക് ഇനീഷ്യൽ ലെവൽ എടുക്കുകയും ആയതിനോടനുബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡിൽ PWD യുടെ കീഴിൽ നടപ്പിലാക്കുന്ന രണ്ട് പാലങ്ങളുടെ പ്രവൃത്തിക്കായി റോഡ് വിഛേദിച്ചതിനാൽ റീച്ച II ന്റെ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. റീച്ച് I ന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആയതിന് ആവശ്യമായ മെറ്റീരിയൽസ് കരാറുകാരൻ സൈറ്റിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവൃത്തി ഡിസംബർ മാസത്തോടെ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു .<br><br><u>നിർമ്മാണച്ചുമതലയുള്ള ഉദ്യോഗസ്ഥർ</u><br><br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ<br><br>ഹാർബർ എൻജിനീയറിംഗ് സബ് ഡിവിഷൻ,കൊയിലാണ്ടി.<br><br>അസിസ്റ്റന്റ് എൻജിനീയർ - സെക്ഷൻ - II,<br><br>ഹാർബർ എൻജിനീയറിംഗ് സബ് ഡിവിഷൻ,കൊയിലാണ്ടി. |
| (സി) | പ്രസ്തുത പ്രവൃത്തി നടത്തിപ്പിൽ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ കാരണക്കാരായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ